M H S MADAMPAM
2018 - 2019



# TECH CHRONICLE

**LET US FLY………………..**

# പത്രാധിപസമിതി

അജയ് കെ

ഹവിൻ ബിനോയ്

യാദവ് പി

അമൽ ടോമി

കൂട്ടുകാരെ ,

ഒരായിരം സ്വപ്നങ്ങളുടെ വർണചാർത്തുമായി ഈ ഡിജിറ്റൽ മാസിക നിങ്ങൾക്കായി സമർപ്പിക്കുന്നു ഈ ചുവടുവയ്പ്പ് ഈ വിദ്യാലത്തെ വാനോളം ഉയർത്തുന്നതാകട്ടെ ...

## താളുകളിലൂടെ


........................................................................................................................6
റോസ......................................................................................................................6
സൂര്യൻ.....................................................................................................................7
ക്ലുട്ടുകാരൻ...............................................................................................................8
മണ്ടന് കിട്ടിയ വരം......................................................................................................9
മഴ.........................................................................................................................10
നമുക്ക് പ്രളയം മതി.....................................................................................................11
ഒഴുകുന്ന പുഴ...........................................................................................................12
വികൃതിയായ കുരങ്ങൻ..................................................................................................13
*ആൽകെമിസ്റ്റ് പുസ്തകാസ്വാദനം*.......................................................................................14
കേരളപ്പിറവി ക്വിസ്.....................................................................................................16
FRIENDSHIP..........................................................................................................17
'F' For Friend..........................................................................................................19
അച്ഛൻ......................................................................................................................20
എന്റെ കലാലയം..........................................................................................................22
*ഒരു ദൈവ സന്ദേശം*....................................................................................................25
ഓർമ്മ.......................................................................................................................26
*റോബി എന്ന നായ് കുട്ടി*.................................................................................................27
*സുന്ദരമായ പ്രകൃതി*.......................................................................................................28
*UNTIL WE MEET AGAIN*........................................................................................29
*ഒരു ദൈവസന്ദേശം*.....................................................................................................30
സുഹൃത്ത്...................................................................................................................31
THE SWING............................................................................................................32
FRIENDSHIP..........................................................................................................33
യജമാനൻ..................................................................................................................34
ദാരിദ്ര്യം...................................................................................................................35
യുദ്ധം......................................................................................................................36
TREES....................................................................................................................37
*Dream*...................................................................................................................38
*എന്റെ കേരളം*............................................................................................................39
അവധി.....................................................................................................................40
സുഹൃത്ത്...................................................................................................................41
കലിതുള്ളി കാലവർഷം.................................................................................................42
FRIENDSHIP..........................................................................................................43
ശാപസൗന്ദര്യം...........................................................................................................45
........................................................................................................................46
അമ്മയായ് നീ..............................................................................................................46
ടീച്ചർ.......................................................................................................................47
*RIDE*.....................................................................................................................48
യാത്ര.......................................................................................................................49
*സ്മരണകളാകുന്ന ജീവിതം*..............................................................................................50
*FRIEND*................................................................................................................51
*അമ്മ അഥവാ നന്മ*.......................................................................................................52

മഹത് വചനങ്ങൾ........................................................53

രാമാനുജൻ സംഖ്യ........................................................54

മാറ്റം........................................................55

*Story of Akbar and Birbal*........................................................56

*JOURNEY*........................................................58

*മനുഷ്യനം*........................................................*59*

*screen screen*........................................................60

*ജി . ശങ്കരൻകുറിപ്പ്*........................................................61

പ്രകൃതി........................................................63

വിമാനം........................................................66

പാറിനടക്കും പൂമ്പാറ്റേ........................................................67

CHILD LABOUR........................................................68

എന്റെ വിദ്യാലയം........................................................70

MY DREAM........................................................71

എന്റെ ഗ്രാമം........................................................72

# റോസ

റോസിൻ ചെടി മുറിച്ചിട്ടു
റോസക്കുട്ടി കിഴിച്ചിട്ടു
വെള്ളമൊഴിച്ചു  വളമിട്ടു
വളർന്ന ചെടിയിൽ മൊട്ടിട്ടു
മൊട്ടുവിരിഞ്ഞു പൂവായി
റോസക്കുട്ടി ചിരിയായി.


-ജോസ് ഗോതുരുത്ത്



# സൂര്യൻ

കിഴക്കൊരു കോഴി മുട്ടയിട്ടു,
പൊന്നൊളി ളുവും വൻമുട്ട,
തട്ടീം മുട്ടീം പൊട്ടാതെ,
എങ്ങും പൊട്ടി ചിതറാത്ത,
മുട്ടവരുന്ന പടിഞ്ഞാറൻ,
കടലിൽ മുങ്ങി താഴുന്നു.

-അനില.റ്റി എസ്



# കൂട്ടുകാരൻ




കൂട്ടുകൂടാനായെന്റെ-
കൂട്ട തേടിയണഞ്ഞൊരു-
കുഞ്ഞാറ്റകിളി,
കാറ്റിനോട് കഥ മെനഞ്ഞും,
കടലിനോട് കളി പറഞ്ഞും,
കാടായ കാടെല്ലാം,
കണ്ണാരം പൊത്തി കളിച്ചും,
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി,
കൊക്കുരുമ്മി ചിറകുരുമ്മി,
കിലുകിലെ കൊഞ്ചി ചിലച്ചും ,
കിളിക്കൂട്ടിൽ എന്നെ
കുളിരറിയിക്കാതെ,
കവിൾ ചേർത്തുറക്കിയും,
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ.

# മണ്ടന് കിട്ടിയ വരം




ഒരിടത്തു മണ്ടനായ ഒരു മരംവെട്ടുകാരൻ ഉണ്ടായിരുന്നു .ഒരിക്കൽ ഒരു മരം വെട്ടാൻ തുടങ്ങിയപ്പോൾ ഒരു ശബ്ദം കേട്ടു .

"നീ ഈ മരം വെട്ടാതിരുന്നാൽ ഞാൻ നിനക്കു മൂന്ന് ആഗ്രഹങ്ങൾ സാധിക്കാനുള്ള വരം തരാം ."വനദേവതയുടെ ശബ്ദമായിരുന്നു അത് . മരം മരംവെട്ട് ഉപേക്ഷിച്ച് വീട്ടിൽ ചെന്നു.ഭാര്യയോട് പറഞ്ഞു ,തനിക്ക് മൂന്ന് ആഗ്രഹങ്ങൾ സാധിക്കാനുള്ള വരം കിട്ടിയിട്ടുണ്ട് .എന്നിട്ടു ആദ്യത്തെ ആഗ്രഹം പറഞ്ഞു :"എനിക്ക് വിശപ്പിനു ചോറും കറികളും വരട്ടെ !"


ഉടനെ ഒരു തളികയിൽ ചോറും കറികളും അവിടെ എത്തി .അയാൾ അത് തിടുക്കത്തിൽ തിന്നു തീർത്തു .ഭാര്യ ഏറ്റവും വലിയ 2 വരങ്ങൾ ചോദിക്കാൻ ആലോചിക്കുകയായിരുന്നു .അപ്പോൾ മരംവെട്ടുകാരൻ രണ്ടാമത്തെ ആഗ്രഹവും പറഞ്ഞു "രണ്ട് പാത്രം പാൽപ്പായസം വരട്ടെ."

ഉടനെ രണ്ട് പത്രങ്ങളിൽ പാൽപ്പായസം എത്തി .അതുകണ്ട് ഭാര്യ കോപത്തോടെ അട്ടഹസിച്ചുകൊണ്ട് പറഞ്ഞു "നിങ്ങൾ ശരിക്കും മണ്ടനാണ് .ചോറിനും പായസ്സത്തിനും വേണ്ടി രണ്ട് വരങ്ങൾ നഷ്ടമാക്കി "അത് കേട്ട് മരംവെട്ടുകാരനും കോപം വന്നു .

"നിന്റെ ഒരു അട്ടഹാസം ! നിന്റെ തലയിൽ ഇടിത്തീ വീഴട്ടെ !" അയാൾ പറഞ്ഞു. ഉടനെ ഭാര്യയുടെ തലയിൽ ഇടിത്തീ വീണു .

അങ്ങനെ മണ്ടന് കിട്ടിയ വരം കൊണ്ട് അയാളുടെ ഭാര്യ മരിച്ചുപോയി!!!!!!.....

# മഴ



ഇന്നലെ വരെ മഴയെനിക്ക്
സുഖമുള്ള ഓർമയായിരുന്നു
നനവുള്ള കുളിരുള്ള

സുഖമുള്ളൊർമ്മ.
എന്നാൽ ഇന്നീ നിമിഷം മുതൽ
എന്റെ മനസ്സിൽ ഭീതി വിതയ്ക്കുന്ന

ഓർമയാകുന്നു ഈ ദുരിതമഴ .
വെള്ളം മൂടിയ ഗ്രാമങ്ങൾ
കരകവിയുന്ന തടിനികൾ
നിറഞ്ഞൊഴുകുന്ന ഡാമുകൾ
ജീവന് വേണ്ടി നിലവിളിക്കുന്ന ആയിരങ്ങൾ
ഒന്നും ചെയ്യാനാവാതെ

നിസ്സഹായരായ അനേകർ .
നിറഞ്ഞൊഴുകുന്ന അണക്കെട്ടുകൾ
ഒഴുകി നീങ്ങുന്ന മൃതശരീരങ്ങൾ

ഹോ ...!എത്ര ഭീകരമീ ദുരിതപർവം .
ദുരിത കയത്തിൽ മുങ്ങിത്താഴും
മർത്യാ ജീവനെ തേടി പിടിക്കാൻ
നന്മ പറ്റാത്ത കടലിന്റെ മക്കൾ

ഓടിയണഞ്ഞത് സുഖമുള്ളൊരോർമ്മ.
ഇന്നെനിക്ക് മഴയൊരു സുഖമുള്ള
കുളിരുള്ളോരോർമ്മയല്ല

എന്റെ നാടിന്റെ,നാട്ടാരുടെ
നട്ടുവൊടിക്കാൻ വന്ന

ദുരിതമാണ് ദുരിതപ്പെയ്ത്താണ് ........

# നമുക്ക് പ്രളയം മതി



പ്രളയം വന്നപ്പോൾ ഒരേകയ്യിൽ
പിടിച്ച കയറിയവർ,
ഒരേ പാത്രത്തിൽ നിന്നുണ്ടവർ,
ഒരേ വരിയിൽ  നിന്നവർ ,
ഒരു വിരിയിൽ കിടന്നവർ ,

വെള്ളമിറങ്ങിയപ്പോൾ
പാർട്ടിയായി ,സംഘമായി ,
ജാതിയായി ,മതമായി ,
തല്ലായി ,തല്ലായി.


ഉണ്ണി പറഞ്ഞു
വെയില് വേണ്ടമ്മേ .......
നമ്മുക്ക് പ്രളയം മതി .

# ഒഴുകുന്ന പുഴ



മൂകാനുരാഗം കലർന്ന നിൻ മിഴികൾ ,
നിറ കണ്ണുകളോടെ ഒഴുകവേ .
ഓളങ്ങൾ അലതല്ലി വന്നപ്പോൾ നീ
ഇടവഴിയിലെങ്ങോ അറ്റുപോയി നീ
വിവിധങ്ങളായി ...
സസ്സ്യങ്ങൾക്കു പുതു ജീവൻ നൽകും
നിൻ ജലം
മനുഷ്യ ജീവനെ തരളിതമാക്കി.
ആകാശം നിന്നെ നോക്കി പുഞ്ചിരി കൊള്ളുന്നു .
അതിനുത്തരം നൽകുന്നു നീ ഓളങ്ങളായി
നിന്നിൽ അടിഞ്ഞുചേരുന്ന മാലിന്യത്തെ
ഒഴുക്കി മാറ്റുന്ന നീ തന്നെയാണ് .
മനുഷ്യന് ഏറ്റവും വലിയ ഉദാഹരണം..!

# വികൃതിയായ കുരങ്ങൻ




ഒരിക്കൽ ഒരു വികൃതി കുരങ്ങൻ കാട്ടിൽ നിന്നും നാട്ടിലെത്തി .നാട് മുഴുവൻ കറങ്ങിനടന്ന് വികൃതി കാട്ടുന്നതായിരുന്നു അവന്റെ ഇഷ്ട വിനോദം .കുരങ്ങൻ ഒരു മദ്ദളക്കാരന്റെ വീട്ടിൽ എത്തി .പാത്തും പതുങ്ങിയും അയാളുടെ വീടിനു ചുറ്റും നടന്ന കുരങ്ങൻ ,ഉമ്മറത്ത് വെച്ചിരുന്ന മദ്ദളം കണ്ടു . ഉടനെ കുരങ്ങൻ ഉള്ളിൽ നിന്ന് മദ്ദളം എടുത്ത് സ്ഥലം വിട്ടു .മദ്ദളവുമായി കുരങ്ങൻ നേരെ കാട്ടിൽ എത്തി .മദ്ദളക്കാരൻ തന്റെ മദ്ദളം കളവുപോയ കാര്യം ഗ്രാമത്തലവനെ ധരിപ്പിച്ചു . നാട്ടുമുഴുവൻ അന്വേഷിച്ചെങ്കിലും മദ്ദളത്തേകുറിച്ചു ഒരു വിവരവും ലഭിച്ചില്ല . കുരങ്ങന്റെ കയ്യിലെ മദ്ദളം അവൻ കൊട്ടികൊണ്ടിരുന്നു .ഈ സമയത്താണ് ഗ്രാമത്തലവൻ ആ വഴി പോയത് .മദ്ദളത്തിന്റെ ശബ്ദം കേട്ട് അത് എവിടെനിന്നാണെന്നു അന്വേഷിച്ചു നടന്നു .ഒടുവിൽ ആദ്ദേഹം ആ വികൃതി കുരങ്ങനെ കണ്ടെത്തുകയും ,അവന്റെ കയ്യിൽ ഉണ്ടായിരുന്ന മദ്ദളം ,മദ്ദളക്കാരന് കൊടുക്കുകയും ചെയ്തു .

# ആൽകെമിസ്റ്റ്


പുസ്തകാസ്വാദനം

പ്രശസ്തനായ ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ് ലൊ രചിച്ച നോവലാണ് ദി ആൽകെമിസ്റ്റ്. ആധുനിക ക്ലാസിക് സിനിമയായ ഈ കൃതി 1988 ലാണ് പ്രസിദ്ധീകരിച്ചത്. പ്രപഞ്ചരഹസ്യങ്ങളുടെ നിഗൂഢതകൾ ദാർശനികതയുടെ പിൻബലം ചാർത്തി മനസ്സിനെ പിടിച്ചുലയ്കുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ആൽകെമിസ്റ്റിൽ സ്വപ്നത്തിൽ ദർശിച്ച നിധി തേടിപ്പോകുന്ന സാന്റിയാഗോ എന്ന ഇടയ ബാലന്റെ കഥയാണ് പറയുന്നത്.

ആട്ടിൻപറ്റങ്ങളെ മേച്ചുനടക്കുന്ന സാന്റിയാഗോയെ ഒരു കുട്ടി കൈപിടിച്ച് ഈജിപ്തിലേക്ക് കൂട്ടികൊണ്ടുപോകുകയും പിരമിഡുകൾക്ക് സമീപമുള്ള നിധി കാണിച്ചു കൊടുക്കുകയും ചെയ്തു. ഈ സ്വപ്ന ദർസനത്തിന്റെ പ്രേരണയിൽ യാത്രതിരിക്കുന്നു. ആൽകെമിസ്റ്റ് ആയാത്രയുടെ കഥയാണ്.

തന്റെ യാത്രയിൽ അവൻ കണ്ടുമുട്ടുന്ന വൃദ്ധാ, വൃദ്ധാൻ,സ്ഫടികപാത്രകച്ചവടക്കാരൻ, കണ്ടുമുട്ടുന്ന വൃദ്ധാ, വൃദ്ധാൻ, സ്ഫടികപാത്രകച്ചവടക്കാരൻ, ഫാത്തിമ എന്നിവരെല്ലാംഅവന്റെജീവിതത്തിലെഅവിസ്മരണീയനക്ഷത്രങ്ങളായിരുന്നു. സ്വന്തം ജീവത ത്തെപറ്റി ബോധമുള്ളവർക്ക്മുന്നിൽജീവിതംസ്വയംഉദാരമാകുമെന്നമഹത്തായസന്ദേശമാണ് സാന്റിയാഗോയുടെ യാത്രകള് വായനക്കാരന്റെമുന്നിൽതുറന്നുവയ്ക്കുന്നത്.

അത്യന്തം പ്രതികൂലമായസാഹചര്യങ്ങളിലൂടെ നിയന്ത്രണംനഷ്ടപ്പെടാതെ വിധിക്ക് കീഴടങ്ങാതെ തന്റെ ജീവിതലക്ഷ്യപ്രാപ്തിയിലേക്കെത്തുന്ന സാന്റിയാ
ഗോയിടെ യത്ര ഓരോ വായനക്കാരന്റെയും മനസ്സിനെ ഇരുത്തിചിന്തിപ്പിക്കുമെന്നതിൽ തർക്കമില്ല. ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർഥയാത്ര. ഐഹികജീവിതത്തിന് ദൈവികമായ സൗന്ദര്യം നൽകുന്ന വഴിയാണ് പൗലോ കൊയ് ലോയുടേത്. മരുഭൂമിയുടെ സവിശേഷസ്വഭാവങ്ങളും അതിലെ വിചിത്രമായ നിയമങ്ങളെയും കാൽപനികതയുടെ കോണിലൂടെ നോക്കിക്കാണുന്ന വിചിത്രമായ ഹൃദ്യമായച അവതരണഭംഗിയുംആൽകെമിസ്റ്റിന്റെപ്രത്യേകതയാണ്.ജീവിച്ചിരിക്കുന്ന സാഹിത്യകാരന്റെ ഏറ്റവും അധികം ഭാഷകളിലേക്ക് തർജ്ജമചെയ്യപ്പെട്ട പുസ്തകമെന്ന നിലയിൽ ആക്കമിസ്റ്റ് ഗിഗാസ്ബുക്കിൽ ഇടം നേടിയിട്ടുണ്ട് .


INTERNATIONAL BESTSELLING PHENOMENON
THE ALCHEMIST
A GRAPHIC NOVEL
PAULO COELHO

# കേരളപ്പിറവി ക്വിസ്

- ഇൻഡ്യയുടെ തെക്കുപടിഞ്ഞാറെഅറ്റത്തുള്ള സംസ്ഥാനമേത് ?

  കേരളം

- അറബിക്കടലിൻെറ റാണി അപരനാമധേയത്തിൽ അറിയപ്പെടുന്ന കേരളത്തിലെ ഒരു സ്ഥലം ?

  കൊച്ചി

- കേരളത്തിലെ ഒരേ ഒരു ടൗൺഷിപ്പ് ഏതാണ് ?

  ഗുരുവായൂർ

- ആദ്യ മലയാള പത്രം ഏത് ?

  രാജസമാജാരം

- ആദ്യ മലയാള നോവൽ ഏതാണ് ?

  കുന്ദലത

- 3 ജി മൊബൈൽ സേവനം ലഭ്യമായ കേരളത്തിലെ ആദ്യ നഗരം ഏത് ?

  കോഴിക്കോട്

- കേരളത്തിലെ ആദ്യ കരകൗശല ഗ്രാമം ഏതാണ് ?

  ഇരിങ്ങൽ(കോഴിക്കോട് ജില്ല)

- കേരളത്തിൽ എത്രതവണ രാഷ്ട്രപതിഭരണം വന്നിട്ടുണ്ട് ?

  7 തവണ

- കേരളത്തിലെ ആദ്യ വനിതാ ജയിൽ ?

  നെയ്യാറ്റിൻകര

# FRIENDSHIP

when you smile
i get a reason to cheer
all the special moments so rear
all the things my dear
with you life is meaningful
my friend you are truly wonderful
love you a lot!!

- sahala p
viii-c



# 'F' For Friend

I wanted to thank you,

But was unable to explain,

What it means to have a friend,

To share life's joys and pains,

its good to know our friendship,

is one of endless devotion.

- emil therese joseph

VIII-C


# അച്ഛൻ

ഇരുട്ടിൽ,
ദുർഘടമായ വഴിയിൽ,
പാനീസ് ഉയർത്തിപ്പിടിച്ച,
മുന്നിൽ നടന്ന അച്ഛൻ,
ബുദ്ധിമാനായ സംവിധായകൻ,
അച്ഛനെ രംഗത്തവതരിപ്പിക്കാൻ,
തെരഞ്ഞെടുത്ത ദൃശ്യം പോലെ.
പല ദൃശ്യങ്ങളിൽ നിന്ന്,
തെരഞ്ഞെടുത്ത ഒരേയൊരു,
ഉചിതമായ ദൃശ്യം ,
അച്ഛനിത്തരം രംഗങ്ങളിൽ,
മാത്രമായിരുന്നു അച്ഛൻ,
ജീവിതത്തിന്റെ പരിമിതിയോ? നാടകത്തിന്റെ പരിമിതിയോ?



# എന്റെ കലാലയം

എന്റെ പ്രിയ കലാലയമേ
ഒരു തണുത്ത ജൂൺ മാസം
പുലരിയിൽ വഴി തെറ്റി എന്നൊരു
ചിത്ര ശലഭമാണു ഞാൻ
നിന്റെ ചില്ലയിൽ പാറികളിച്ചു ഞാൻ
നിന്റെ വർഷവും വേനലും
ഞാൻ ആസ്വദിച്ചു
ഓർമ്മകൾ ചിതറിയ ഈ
മണ്ണിൽ ഇനിയെന്നെന്നറിയില്ല.
എങ്കിലും,
ഇനി ഒരു ജന്മമുണ്ടങ്കിൽ
എനിക്കീ കലാലയത്തിലെ
വാകമരങ്ങൾക്കിടയിലായ് ജനിക്കണം
മറന്നുവെച്ചു പോയതൊക്കെയും
ഒന്നോർത്തെടുക്കണം.



# ഒരു ദൈവ സന്ദേശം

*കരയുന്ന ഭൂമി കണ്ണീർ-*
*തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ*
*പോറ്റുന്ന ഭൂമിയുടെ*
*ദീനമാം രോധനം കേൾ-*
*ക്കുന്നു ഞാൻ,*

*ഭൂമി പിളരുന്നു മരണമാം*
*വേദനയോടെ*
*കണ്ണുനീർ പൊഴിക്കുന്നു.*
*താടകയെന്ന പോൽ*
*ഓർക്കുക മർത്യം നീ*
*ജീവൻ തുടിപ്പുള്ള*
*ഭൂമിയാം ദേവിയെ നോവിച്ചാൽ*
*അനുഭവിക്കും നീ ഒരുനാൾ.*

# ഓർമ്മ

ഈ മഴ ഞാൻ നനയുംമ്പോൾ ഓരോ
തുള്ളിയേയും നിൻ പേരിട്ടു വിളിക്കുന്നു
അവസാനം നാമൊരു മഴയാകും വരെ
നമ്മെ വേർപ്പെടുത്തിയ കാലത്തിന്
നിന്റെ ഓർമ്മകളെ എന്നിൽ നിന്നും
മായ്ക്കാൻ കഴിയുന്നില്ലല്ലോ.........
ഈണം നിലച്ച പാട്ടായി ഞാൻ
കഴിയുന്നു ഏകയായി..........
എഴുതപ്പെടാത്ത വാക്കുകളാണ്
കണ്ണുനീരെന്ന മഹാസത്യം........
ചിതലരിച്ച ഓട്ടോഗ്രാഫിലെ മായാത്ത
അക്ഷരങ്ങളാണ് നിൻ ഓർമ്മകൾ
നിന്നെ മറക്കാൻ കഴിയാത്ത നനഞ്ഞ
എന്റെ മിഴിയിണ തുടയ്ക്കുമ്പോൾ
തകരുന്നത് എന്റെ ഈ ജന്മം.........
അവസാനമായി നീ വരും എൻ
അടഞ്ഞ കണ്ണുകൾ നിൻ
നിറകണ്ണുകളോടെ.

# റോബി എന്ന നായ് കുട്ടി

എനിക്കൊരു  റോബിയുണ്ട്
അവന് നാല്വ കാലുണ്ട്
പഞ്ഞിപോലെ രോമമുണ്ട്
അവന് രണ്ട് ചെവിയുണ്ട്
അവനൊരു മൂക്കുണ്ട്
വളഞ്ഞൊരു വാലുണ്ട്
ബൗ.......ബൗ......എന്നു കുരക്കുമവൻ
എന്നെ കണ്ടാൽ തുള്ളിചാടി
വരുമവൻ..................

-സ്നേഹ.എസ്.ദേവ്

**6D**

# സുന്ദരമായ പ്രകൃതി

പ്രകൃതി..........നിയാം ധാത്രിതൻ
മടിത്തട്ടിൽ മയങ്ങുമീ
പൈതൽപോൽ വൻമരങ്ങളും
കൂട്ടിനായ്, കാവലായ്
തലയുയർത്തുന്നോരു ഗിരിശൃംഘലങ്ങും
കളകളനാദത്താലാർത്തുല്ലസിക്കുന്നോരീ,
അരുവിയും , പുൽനാമ്പും പാറക്കെട്ടും
തിങ്ങിയവർന്നോരു ലതാകുസുമങ്ങളും
അനന്ദഭേരി മുഴക്കുന്നു................
അതിലലയടിക്കുന്നു, ധാത്രതൻ മേമ്പ.

-അനുപ്രിയ

6D

## ***UNTIL WE MEET AGAIN***

**These special memories of you will always bring a smile .**
**If only i could have you back for just little while .**
**Then we could sit and talk again just like wevsed to do.**
**You always meant so very much and always will do too.**
**The fact that you're no longer here will always cause me pain.**
**But you're for ever in my heart until we meet again.**

**- ZIYANA-**
**6D**

# ഒരു ദൈവസന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ -
തുടക്കാൻ ഒരുങ്ങാത്ത മക്കളേ
പോറ്റുന്ന ഭൂമിയുടെ
ദീനമാം രോദനം കേൾക്കുന്നു ഞാൻ,



ഭൂമി  പിളരുന്ന മരണമാം
വേദനയോടെ,
കണ്ണുനീർ  പൊഴിക്കുന്ന
താടക എന്ന പോലെ
ഓർക്കുക  മർത്യാ  നീ
ജീവൻ തുടിപ്പ് ഉള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
അനുഭവിച്ചീടും നീ ഒരുനാൾ....

SHAHALA. P
8-C

# സുഹൃത്ത്

ഇരുൾ നിറഞ്ഞ വഴികളിലൂടെ ഞാൻ സഞ്ചരിച്ചപ്പോൾ
ഒരു മിന്നാമിനുങ്ങിനെ പോലെ വെളിച്ചംഎകി എന്നെ നേർവഴിക്കു വിട്ട
പ്രിയ മിത്രമേ....
നീയിന്നു എവിടെയാണ്?
നീയെന്നടുത്തുള്ള
നിമിഷങ്ങൾ
സുന്ദരസുരഭിലങ്ങൾ
ഇന്ന് നീയെന്നാ-
എൻ ജീവിതം ശൂന്യം
ദുഃഖ സാന്ദ്ര ദിനങ്ങളിൽ
ആശ്വാസ വാക്കുകൾ
കൊണ്ടെന്നെ
കുളിർപിച്ച നീയല്ലാതെ
ഇന്നെനിക്ക് ആരുമില്ല......
നീ എന്റെ അടുത്ത് അണയുന്ന നിമിഷം
ഞാൻ കാത്തിരിക്കുന്നു
മഴ കൊതിക്കുന്ന വേഴാമ്പൽ പോല്......



IMA GOPALAKRISHNAN

**8-C**

# THE SWING

GLADSON SAMUEL_8 D

How do I like to go up in a swing
up in the air ,so blue
oh, I thing it ,the most beautiful
thing, even a child can do !

Up in the air and over the wall,
till I see the world so wide
river and trees ,cattle and all
over the country side

till I  look down on the garden green
down on the roof so brown
up in the air I go flying again
up in the air and then  down



# FRIENDSHIP

**Oh,what joy it is**
**To have friend like you**
**For giving me strength**
**The way you do**

**For lifting some cup**
**When i'm felling down**
**And potting a smile on my face**
**When i'm wearing frokin**

**Thanks for being there**
**And helping me up**
**Your friendship means alot**
**This i'd like you to know?**

# യജമാനൻ

കൃഷിക്കാരനായ രാമുവിന് ഒരു കുതിര ഉണ്ടായിരുന്നു.പണിയെടുത്ത് അതിന് മടുത്തു. വേണ്ടത്ര തിന്നാനും കിട്ടുന്നില്ല.വേറയൊരു യജമാനനെ കിട്ടിയിരുന്നവെൻകിൽ എന്ന് കുതിര പ്ര്‍ർത്തിച്ചു.കൃഷിക്കാരൻ അതിനെ മറ്റൊരാൾക്ക് വിറ്റു.അയാളും കുതിരയെ എല്ലായ്പ്പോഴും പണിയെടുപ്പിക്കുകയാണ്.നല്ലൊരു യചമാനനെ കിട്ടാൻ വീണ്ടും പ്ര്‍ാർത്തിച്ചു.അയാൾ അതിനെ വിറ്റു.അവിടയും കഷ്ട്ടമാണ്.തനിക്ക് തൊന്നി ആദ്യത്തെ യജമാൻ  മതിയാർനന്നു.എപ്പോഴും ആദ്യതതെ യജമാനെ ഓർത്ത് കരയമായിരുന്നു.അയാൾ കുതിരയെ വിൽക്കാൻ തീരുമാനിച്. പൊകുന്ന വഴിയിൽ രാുവിനെ കണ്ടു മുട്ടി. കുതിര രാമുവിൻെ കൂടെ പോയി.

# ദാരിദ്ര്യം

ദാരിദ്ര്യത്തിൻ യാതനകൾ
അനുഭവിക്കുന്ന ആയിരങ്ങൾ
തുണയേകാൻ ആരുമില്ല–
തായിരങ്ങൾ അലയുന്നു.
ഇതെന്തുകൊണ്ട് ?ഇതെന്തുകൊണ്ട് ?
ആരും കാണുന്നില്ലേ ഈ
ദുഃഖങ്ങൾ
ആരുമില്ലേ തുണയേകാൻ
ഒരിക്കൽ കൂടി
ആവർത്തിക്കുന്നു
ആരുമില്ലേ ഇവർക്ക്
തുണയേകാൻ
എടുക്കണം ദൃഢനിശ്ചയം
നാം ഇവർക്ക് തുണ
മുദ്രകുത്തി സത്യം ചെയ്യണം
നാം ഇവർക്ക് തുണയെന്ന്.



# യുദ്ധം

ഇവിടെയെങ്ങും ഇന്ന് യുദ്ധക്കളം.
ചിന്നിച്ചിതറിയ ചോരക്കളം.
ഒഴുകിയൊലിക്കുന്ന ചോരപ്പുഴ.
വിച്ഛേദമായ കൈകാലുകളും,
ശത്രുക്കളിന്നു വിപുലമായി,
മിത്രവും ശത്രുവായി മാറിടുന്നു.
ബന്ധുവും ശത്രുവും ഒരുപോലെയാണ് ,
ബന്ധത്തിൻ വിലയറിയാത്തവനായ്,
ആരു തരുമി സമാധാനം,
പഴമൊഴിയായതു മാറിടുമോ??

# TREES

**We are the gift of god
So our aim is protect you
We are giving lots of help to
Many creatures in the earth
We always make you happy
Without us you can't live
But you people
Don't understand our feeling
and sufferings
You are killing us
Instead  of protecting us
So let us you to live
Please make us happy**

# ***Dream***

I Had a dream yesterday

And I couldn't think whole day

It made me all through the might

Imagined that I am knight

Who fought me for the values

I fought all through the night

But my instincts sharpened

I woke up as a new girl

To face whatever I can.


- *Safa V.V*

VIII-B

# എന്റെ കേരളം

കേരം തിങ്ങും കേരളനാട്

എന്റെ സ്വന്തം കേരളനാട്

പച്ച വിരിച്ച വയലുകളും

തിങ്ങിനിറഞ്ഞൊരു കേരളനാട്

കേരളം ..... എന്റെ സ്വന്തം കേരളം

കേരളം ..... എന്റെ സ്വന്തം കേരളം

മരങ്ങളും പൂക്കളും തിങ്ങിനിറഞ്ഞ കേരളം

കേരളം ..... കേരളം ..... കേരളം

അരുവികളൊഴുകും കേരളം

പലമതക്കാരുള്ള കേരളം

മലയാളത്തനിമനമ കേരളം

എന്റെ സ്വന്തം കേരളം

- Theertha P.P

# അവധി

പെരുന്നാളിൻ പൂനിലാവും

പൊന്നോണ പൊൺപുലരിയും

സ്കൂൾ അവധി ദിനാഘോഷവും

എങ്ങെവിടെയും ..... എല്ലാം

പ്രളയക്കെടുതിയിൽ

ആശംസകളായിമാറി .....

മിതത്വം പാലിക്കാം .....

ദൈവംം കനിഞ്ഞ് നൽകും

പ്രളയക്കെടുതിയിൽ

പ്രയത്നിച്ച എല്ലാവരെയും

അഭിനന്ദിക്കാം .....

കൈകേർക്കാം .....

ശുഭപ്രതീക്ഷളാൽ .....

- **Athul Saji**

# സുഹൃത്ത്

ഇരുൾ നിറഞ്ഞ വഴികളിലൂടെ
ഞാൻ നീങ്ങിയപ്പോൾ
ഒരു മിന്നാമിനുങ്ങിനെപ്പോലെ
വെളിച്ചമേകിയെന്നെ നേർവഴിക്കയച്ച
പ്രിയമിത്രമേ.......

നീയിന്നെവിടെയാണ്?
നീയെന്നടുത്തുള്ള നിമിഷങ്ങൾ
സുന്ദര സുരഭിലങ്ങൾ

ഇന്ന് നീയെന്നരികിലില്ലെന്നാലെന്നാ-
ലെൻ ജീവിതം ശൂന്യം
ദുഃഖ സാന്ദ്ര ദിനങ്ങളിൽ
ആശ്വാസ വാക്കുകൾ കൊണ്ടെന്നെ
കുളിർപ്പിച്ച നീയല്ലാതെ

ഇന്നെനിക്കാരുമില്ല.......
നീ എന്നടുത്തേക്കണയുന്ന നിമിഷം
ഞാൻ കാത്തിരിക്കുകയാണ്

മഴ കൊതിക്കുന്ന വേഴാമ്പൽ പോൽ.......

# കലിതുള്ളി കാലവർഷം

കിനാവിൽ ഞാൻ നട്ടു നനച്ചൊരു
സ്വപ്നങ്ങൾ കണ്ണീർ മഴയായ് പൊഴിയുന്നു
വേദനയെക്കാളും നഷ്ടത്തെക്കാളും
ദുരിതമൊക്കെ കാലവർഷം വിധിച്ചത്
കുടുംബങ്ങളിലെ ഒരു ജീവനെ
ഒരു ജീവിതത്തെ........
കാലങ്ങളെ നോക്കി
കണ്ട രാവുകൾക്ക്
ഇനി വിട........
നാശം വിതയ്ക്കുന്ന
കാലവർഷത്തിന് സ്വാഗതം
നിലവിളികൾ കവിഞ്ഞൊഴുകുന്ന പുഴകൾ
അതങ്ങനെ പറയുന്നു കലിതുള്ളി കാലവർഷം.

# FRIENDSHIP

**A friend is a gift you give to yourself. Friends are those people in your life with whom you do not have any blood relation. Its a relation of love and affection towards other people.**

**Your friends is someone with whom you feel comfortable and can easily share your thoughts and feelings. You do not have to think twice when you are with your friends. A true friend loves you unconditionally,understands you but never judges you and always tries to support you and give you good advice.**

**"A FRIEND IS SOMEONE WHO**
**KNOWS ALL ABOUT YOU**
**AND STILL LOVES YOU"**
**-ELBERT HUBBARD**

**A true friend is will always be there when you need someone he will leave all his important works but will never leave you alone,especially in your difficult times. That is why it is said a friend in need is a friend indeed. Difficult times are the best time to realize who your true**

**friends are. Blessed are the souls have true friends. It is does not matter how many friends you have,what matter is how many true friends you have.**

**Friends show us how to live a life in a different ways;they are the ones who can change our view points for good. There is no growth of the person without any friend. A friend is really very essential to the understand life. Until now we have been looking at life the way our family wanted us to see,it is only when we see the world with the eyes of a fried that our view point changes.**


**Many songs and stories have been written on the importance of a friendship. It breaks the ice between two unknown people,if the other person is friendlier then a person feels more comfortable and easily open up. Even a small drop of friendship can do wonders in any such relationship as the relation ship of a couples,parents and their child,members of an organisation etc. Heaven will fall on earth if we can eradicate ago,selfishness and hate and grow love a friendship for each other in the hearts of people.**

# ശാപസൗന്ദര്യം

ഏ ലോകമേ നീ കേൾക്കുന്നുവോ
പെണ്ണിൻ കാതടയ്പ്പിക്കും കരച്ചിൽ
കീറിയ വസ്ത്രവും നനവുള്ള മിഴികളും
കൊലുസിൻ കിലുക്കവും അവിടെ
നീ പോകു അവളുടെ തേങ്ങലിനൊപ്പം
പെണ്ണിൻ കദനം അറിയൂ
ക്രൂരമാം കണ്ണുകൾ എന്തിനു കൊതിക്കുന്നു
പെണ്ണിൻ ചടച്ച ശരീരം
അവളിലുമുണ്ടാകും തൻെറതാം ജീവിതച്ചെപ്പിലെ
തീരാത്ത പകയും
മാരിപോൽ വന്നവൾ നാരിയായ്
തീരുന്ന പാരിലെ കത്തുന്ന തിരിയായ്
സൗന്ദര്യമോ വേണ്ട മുഖകാന്തിയോ വേണ്ട
പെണ്ണായ് ജനിച്ചാൽ മതിപോൽ
പൊന്നും പവിഴവും മുത്തുമണികളും
എത്തുന്ന സൗന്ദര്യലഹരിയിൽ
ആരും മയങ്ങുന്ന സർപ്പസൗന്ദര്യം
പെണ്ണിനു തീരാത്ത ശാപമായ്
ഒടുവിൽ ഒടുങ്ങുന്ന അവളുടെ ജീവിതം
ഒരു മുഴം കയറിലോ, വെള്ളത്തിൻ മാറിലോ
വശ്യമാം കണ്ണിലെ ആത്മാർത്ഥ സ്നേഹത്തിൽ
എന്തിനു നീ തീർക്കുന്നു
നിൻ ജീവ സുഖം?

# അമ്മയായ് നീ

ഞാൻ കണ്ണുനീർ വാർക്കമ്പോൾ
എൻ കൂടെ കൂട്ടുകാരിയായ് വന്നു.
സ്നേഹത്തോടെ തഴുകി തലോടി
എന്നും കൂട്ടായ് നിന്നു
എൻെറ മനസ്സിന് എന്നും
കുളിർമ്മയായ് തീർന്നു.



# ടീച്ചർ

അറിയാതെ വന്നിട്ടകത്തുകേറി
ചെവിയിൽ ചെറിയൊരു പാട്ടുമൂളി
വിരിയുമീ പൂമൊട്ടിനുള്ളിലേതോ
പരിമളം പൂശിപ്പറന്നുപോയി
ഒരു കളർച്ചോക്കിന്റെ തുണ്ടെനിക്കായ്
ചിരിതൂകി വച്ചു തിരിച്ചുപോയി
അതു ഞാനെടുത്തു വരച്ച നേരം
കളിയെത്ര,കഥയെത്ര,കാര്യമെത്ര
ഇനിയെന്നു വന്നെത്തുമെൻ ടീച്ചർ
അരികിലെൻ പെങ്ങളായമ്മയായി.

# RIDE

*The better experience ever in the world*

*Is the bicycle ride.*

*It will fly away the*

*Aweful experience.*

*It will bring back the*

*Master experience.*

*Increasing the competition spirit.*

*Riding is the master spirit.*

*To forget our Tensions...*

*Riding is the thing*

*Which makes us AWESOME !*

# <u>യാത്ര</u>

*"അവൾ പോയി*

*ഏകയായി "*

*"ആരെയും അവൾ വിളിച്ചില്ല "*

*"ആരോടും അവൾ പറഞ്ഞിട്ടില്ല "*

*"കഥപറയാൻ കൂട്ടുകാരില്ലാതെ*

*സ്നേഹം ചൊരിയാൻ അമ്മയില്ലാതെ*

*അടിപിടി കൂടാൻ ഏട്ടനില്ലാതെ*

*അവൾ തനിച്ചു പോയി "*

*" എവിടേക്കെന്നില്ലാതെ "*

*" എന്തിനെന്നറിയാതെ "*

*" ഒരിക്കലും തിരിച്ചുവരാത്ത "*

*"ഒരു യാത്രയിലേക്ക് "*

*" അവൾ പോയി "*

*"ഓർമ്മകൾ മാത്രം ബാക്കിയാക്കി*

*തിരികെയെത്താൻ കഴിയാത്ത*

*ദൂരത്തേക്ക്*

*അവൾ മാഞ്ഞുപോയി....."*

# സ്മരണകളാകുന്ന ജീവിതം

അച്ചന്റെ കൈപിടിച്ച്

ഞാനാദ്യം വിദ്യാലയത്തിൽപോയി

ശപിച്ചു ഞാൻ വിദ്യാലയത്തെ

മറച്ചു ഞാൻ എന്റെ മനസ്സാക്ഷിയെ

അധ്യാപകരാകുന്ന സ്നേഹനിധിയെ

ഞാനന്ന് ശപിച്ചു

അത് ഞാൻ ജീവിതത്തിൽ

കടന്ന നിമിഷമായിരുന്നു

കടന്നുപോയി നാളുകൾ

ഇലകൾ പൊഴിയും പോലേ

ഇനി ഈ ദേവാലയത്തിൽ

നാളുകൾ എനിക്കില്ല

ശപിച്ചത് ഞാൻ ചെയ്ത

വലിയതെറ്റായി

അടുത്ത ജന്മത്തിലും

ഈ വിദ്യാലയം എനിക്ക് വേണം

സ്മരണകളാകുന്ന ജീവിതം

# FRIEND

*Oh,what joy it is,*
*to have friend like you,*
*for giving me strength.*
*The way you do,*
*For lifting me up,*
*when I am feeling down,*
*And putting a smile on my face,*
*when I am wearing frown,*
*thanks for being there,*
*And helping me up,*
*your friendship means a lot*
*This I like you.*

# അമ്മ അഥവാ നന്മ

മാധുര്യമൂറിടും നാമമാണമ്മതൻ
വാത്സല്യമൂറിടും അർത്ഥമാണ്
അമ്മയെന്നുള്ള രണ്ടക്ഷരമാണെന്ന്
ആദ്യമായെൻ നാവിൽ ശ്രുതിയിട്ടത്
അക്ഷരദീപം തെളിയിച്ചവെന്നുള്ളിൽ
വിദ്യതൻ നിറജ്യോതി കുടിയിരുത്തി
അമ്മയും നന്മയുമൊന്നാണെന്ന സത്യമെൻ
അൻപാർന്ന മാനസം കോർത്തിണക്കി
നന്മതൻ പല്ലവി മീട്ടിക്കൊണ്ടെൻ
ജീവിതം തന്നെ സ്നേഹമയമാക്കുന്നു
അതിനർത്ഥം പകരുന്നു ഇന്നുമമ്മ
അണയാത്ത ദീപമായ് ഇന്നുമമ്മ
നന്മതൻ ജ്യോതി പരത്തിടുന്നു.

# മഹത് വചനങ്ങൾ

**കുഞ്ഞുണ്ണിമാഷ് :**

*"ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു മന്ത്രം കാതിൽ പറഞ്ഞുതരാം, സ്വയം നന്നാവുക."*

**A. P. J അബ്ദുൽ കലാം :**

*"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം."*

**നെൽസൺ മണ്ടേല:**

*"ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം."*

# രാമാനുജൻ സംഖ്യ

*1729 എന്ന സംഖ്യയെയാണ് രാമാനുജൻ സംഖ്യ എന്ന് വിളിക്കുന്നത്.ഇത് കണ്ടെത്തിയത് തമിഴ് നാട്ടുകാരനായ ശ്രീനിവാസ രാമാനുജൻ ഗണിതശാസ്ത്രപ്രതിഭയായതിനാലാണ് ഇതിന് രാമാനുജൻ സംഖ്യ എന്ന പേര് വന്നത്.ഇത്തരത്തിലുള്ള സംഖ്യകൾ കണ്ടെത്താനുള്ള സൂത്രവാക്യവും അദ്ദേഹം തന്നെ കണ്ടെത്തിയിരുന്നു.*

# മാറ്റം

മാറ്റം മനുഷ്യന് മാറ്റം പ്രകൃതിക്ക്
ജീവിതശൈലിയിൽ മാറി മാനവൻ
കുന്നിടിച്ചു നികത്തി, വയൽമാറ്റി
ഉയർത്തി സ്തൂപങ്ങൾ സൗരഭങ്ങൾ
അമ്മയാം പ്രകൃതിയെ ചുട്ടെരിച്ചു നമ്മൾ
മാറ്റീടണം സ്വാർത്ഥചിന്ത
ഓർത്തീടണം ഇനി അമ്മയെ നാം!

*Story of Akbar and Birbal*

# *STARS IN THE SKY*

*One night,Akbar and Birbal were sountering alone a garden walk gazing at the sky .The lamp eror asked 'Birbal',can you tell me exactly how many stars there are in the sky?*
*'excuse me' "your majesty" said Birbal,I must rush off. I'll be back in a moment and he rushed off.*

*He returned almost immediately with a bowl full of mustard seed and said to the emperor "can you majesty tell me exactly hoe many mustard seeds there are in this bowl*

*The emperor said 'No! Impossible, Birbal said respectfully' nor can anyone say exactly "how many stars there in the sky" Akbar was pleased with Birbal wise words*

# വിദ്യ

*വിദ്യാധനം സർച്ചധനാൽ പ്രധാനം*

*വിദ്യയ്ക്കു മുന്നിൽ വാതിലില്ല*

*വിദ്യയിൽ നിന്ന് വിനയം*

*വിദ്യയ്ക്ക് ലജ്ജയില്ല*

*വിദ്യാവവിഹനഃ പശു*

*വിദ്യാനേ വിദ്യാനെ അറിയുകയുള്ളൂ*

# JOURNEY

*My Journey stars from*
*My school*
*It's a heaven where I spend*
*Days went on......*
*As my journey is far from over*
*There were my teachers*
*My friends*
*Soon.... I realized*
*I was walking to the end*
*Turn of big time....*
*But, the journey was very wonderful*
*Would I, be able to recreate*
*Those days which had passed away....*
*But I wouldn't find an answer*
*It's still a question mark*
*Today I patiently wait....*
*To enter a new world*
*No one realizes the beauty of my journey*
*Until you are caught in it*
*My life has given me....*
*So much memories....*
*But...it doesn't give back*
*My school life......!*

# മനുഷ്യനും

# പ്രളയവും

നാം ഇടകാലങ്ങളിൽ നേരിട്ട പ്രശ്നമാണല്ലോ പ്രളയം കേരളത്തെ ഒട്ടാകെ വിഴുങ്ങിയതാണ്.ആ സമയം എന്നും നമ്മൾ മാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു.വീടുകൾ മുങ്ങി ജനങ്ങൾ കുടുങ്ങി ഒട്ടേറെ ജീവനുകൾ നഷ്ടപ്പെട്ടു.നാം ഒറ്റപെടുത്തിയ മത്സ്യത്തൊഴിലാളികളാണ് ഈ പ്രളയത്തിൽ നിന്ന് കരകയറ്റിയത്. രാവും പകലും ബോട്ടുകൾ എടത്ത് വെള്ളത്തിൽ ഇറങ്ങി ഒരുപാട് ജീവനുകളെ രക്ഷപ്പെടുത്തിയത്.ഒട്ടേറേ ദുരിതാശ്വാസക്യാമ്പുകൾ തുറന്നു. മതം,ജാതി,രാഷ്ട്രയം നോക്കിയവർ ഒറ്റക്കെ്ടായി നിന്നു.ഈ പ്രശ്നങ്ങൾ എല്ലാം നേരിടേണ്ടി വന്നത് നാം പ്രകൃതിയോട് ചെയ്ത ക്രൂരതയാണ്.മരങ്ങൾ വെട്ടി നശിപ്പിക്കുകയും,കുന്നുകൾ ഇടിച്ച നിരത്തുകയും,വയൽ നികത്തുകയും,മണൽ വാരുകയും,മാലിന്യങ്ങൾ നിക്ഷേപിക്കൽ കൂടി കൂടി വന്ന്പ്പോഴാണ് പ്രളയം വന്നത്.ഇത് ഒരു ദുരിതമായാലും ജനങ്ങൾ സമത്വത്തോടെജീവിച്ചു.അവരുടെ മുന്നിൽ ജാതിയില്ല,മതമില്ല,രാഷ്ട്രീയമില്ല ഐക്യം മാത്രം.ഈ പ്രയം പ്രകൃതിയുടെ മുന്നറിയ്പ്പ്ആണ്.അതോടൊപ്പം ഒരു പാഠം കൂടിയാണ്.കാരണം നാം ചെയ്ത ക്രൂരതയെല്ലാം നമുക്ക് തരുന്ന പാഠം.ഈ കഴിഞ്ഞ ഓണവും മനുഷ്യൻ ഒരുമിച്ച് ആഘോഷിച്ച .മനുഷ്യരെല്ലാം ഒത്തൊരുമയൊടെ പ്രകൃതിയൊട് മനുഷ്യൻ ചെയ്തതിനെല്ലാം ശമ ചൊദിക്കുകയാണ്.അങ്ങനെ പ്രകൃതി നമുക്ക് തിരിച്ചുതന്നു അങ്ങനെ പ്രകൃതി ശാന്തയാകുകയാണ്.

*by*

*Reshma k*

# screen screen

**screen, screen**
**don,t display my eyes,**
**don,t display my hair,**
**don,t display my teeth,**

**screen, screen**
**display my courage**
**display my knowledge**
**display my voyage**
**display my message**
**display my passage**
**to go in the right direction as you show.**

***by***

***-Dhanush***

# ജി . ശങ്കരൻകുറിപ്പ്

[ 1901-1978 ]

ശങ്കരകുറിപ്പ് ഒരു അദ്ധ്യാപകനായാണ് ജീവിതമാരംഭിച്ചത്.പശ്ചാത്യ-പൗരസ്ത്യ സാഹിത്യങ്ങളിൽ നേടിയ അവഗാഹം അദ്ധേഹത്തിന്റ കവിതയെ ചിത്രപ്രൗഢവം ആശയഗഹനവുമാക്കി.സാഹിത്യ കൗതുകം,സൂര്യകാന്തി,നിമിഷം,വനഗായകൻ,പൂജാപുഷ്പം തുടങ്ങിയവയാണ് പ്രധാനകൃതികൾ.59 കവിതകളുടെ സമാഹാരമായ ഓടകുഴലിന് ജ്ഞാനപീഠം അവാർഡ് ലഭിച്ചു.ഈ സമ്മാനലഭ്യദയോട് കൂടി അദ്ധേഹം മഹാകവിയായി അംഗീകരിക്കപെട്ടു.ഗീതാഞ്ജലി,വിലാസലഹരി മേഘചരായ,മേഘമാല,രാക്കുയിൽ തുടങ്ങിയ ഗദ്യലേഖനങ്ങളും അദ്ധേഹം മലയാളത്തിന് സംഭാവന ചെയ്തു.

***by***
***Amal tomy***



# പ്രകൃതി


പച്ചത്തുവൽ വിടരുന്നു
പൈങ്കിളികൾ പാടുന്നു
ഓടിയൊളിക്കുന്ന എന്റെ ബാല്യം  ഞാനറിയാതെ
മറയുന്നു.
പിച്ചവെച്ച എന്റെ കാലം
എൻ മനസ്സിൽ മായാതെകിടക്കുന്നു
മാധുര്യമൂറുന്ന എന്റെ ബാല്യസ്വപ്നം ഓരോന്നായി എൻ
മനസ്സിൽ തുളുമ്പുന്നു
എൻ മനസ്സ് ഒരു നിമിഷം വിതുംമ്പിപ്പോയി ഇനിയും
തിരിച്ചുവരാത്ത ബാല്യമോർത്ത് എന്റെ
ബാല്യകാലസ്മരണകളിലേക്ക്
തലചായ്ച്ച്
ഞാനുറങ്ങിടുന്നു.
ബാല്യത്തെക്കുറച്ചുള്ള സ്വപ്നങ്ങളിൽ
ഞാനഗ്രഹിച്ചുപോയി
ഒന്ന് വേഗം നേരം പുലർന്നിരുന്നെങ്കിൽ

# Mother

Mother the immortal classic of maxin yorky, one of the worlds best loved writers,is the story of the radicalization of an uneducated woman feom from her dull present existence into active participation in her people's struggle for justice. Through her works she froes herself from the cowed state into which she has been beaten,and her simply motherly concern for her son becomes a motherly concern to all oppresed.

To read 'mother' is to undergo a great emotional experience.It is a novel of strength,and power,a tribute to the dignity of the individual.As one well-known literacy critic put it.And then i came on 'mother',the first of yorky I had ever seen and much of what I had read become thin and tasteless by comparison.


Athul Krishna R V
IX$^{th}$ C



# വിമാനം

തലയ്ക്കുമീതെ പറന്നുനടക്കും
യന്ത്രപക്ഷി നിൻ തന്ത്രം
ഓർക്കും നേരം ഞങ്ങൾക്കിന്നും
അത്ഭുതമല്ലൊ ചങ്ങാതി
എന്നും ഞങ്ങൾ ആർത്തുവിളിക്കും
'താഴെ വായോ' എന്നു വിളിക്കും


Dilna K.T
X A



# പാറിനടക്കും പൂമ്പാറ്റേ

പാറി നടക്കും പൂമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ
തേൻ കുടിക്കും പൂമ്പാറ്റേ
നിന്നെ കാണാൻ എന്തുരസം

കൂട്ടുകൂടാൻ കൂടെവരാമേ
കൂടെ കളിക്കാൻ വന്നിടുമോ
ദൈവസ്തുതികൾ പാടീടാൻ
എന്നടെ കൂടെ വരുമോ നീ



# CHILD LABOUR

They should be sued
we are sick of during the every day
stop child labour
our cuts and bruises  aren't healing

As are do this day by day
it's like they feel,but
have no feeling
and aren't bothered of what
we have to say
we are tired of doing this every day
stop child labour



# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം
എൻ ശ്വാസമെൻ വിദ്യാലയം
എൻ സ്നേഹമെൻ വിദ്യാലയം
എൻ സ്വപ്പ്നവുമെൻ-
ചിന്തയുമെൻ വിദ്യാലയം
പുസ്ത്കത്തിൻ താളുകളിൽ
എൻ ഗുരുക്കന്മാരും
വിദ്യാലയം എനിക്കെന്നും ആനന്ദം പകർന്നിടുന്നു

# MY DREAM

My dream of making
them reality one day

I will always by
be dreaming of these dreams

so that I do have hope that
this life is work living
my dream of making
them reality one day
I have a dream
I have a dream

# എന്റെ ഗ്രാമം

പുഴതൻ താരാട്ട് കേട്ട് ഞാനുണരുമീ-
ന്നരുമയാമെന്നുടെ കൊച്ചുഗ്രാമം

മലകളും പുഴകളും പൈക്കിളിപ്പാട്ടുമായ്-
തരളിതമാണെന്റെ കൊച്ചുഗ്രാമം
അമ്മതൻ കൈ വിരൽ തുമ്പിൽ പിടിച്ചു ഞാൻ
ഒരുപാട് കാലം  നടന്ന ഗ്രാമം




FLOWERS
TOP
SINGER
മേരിലാന്റ് സ്കൂളിന്റെ സൂര്യതേജസ്സായ
തേജസ്സിന്
മേരിലാന്റ് കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ



# Thanks For Watching